(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന ഒ.ബി.സി. പട്ടികയിൽ പുതുതായി അഞ്ചുനാട്, വെള്ളാളർ, കുന്നുവർമന്നാടി, എരുമക്കാർ, തുർക്കർ/തുർക്കൻ എന്നീ നാല് സമുദായങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരു സമുദായത്തെയും ഒഴിവാക്കിയിട്ടില്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒ.ഇ.സി. പട്ടികയിൽ പുതുതായി ഹിന്ദു-മലയാളി, കുന്നുവർ മന്നാടി എന്നീ രണ്ട് സമുദായങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരു സമുദായത്തെയും ഒഴിവാക്കിയിട്ടില്ല.

സ്വയം പര്യാപ്ത ഗ്രാമം പദ്ധതി

232 (5035) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സ്വയം പര്യാപ്ത ഗ്രാമ പദ്ധതിയിൽപ്പെടുത്തി എത്ര പട്ടികജാതി കോളനികൾ നവീകരിച്ച് നൽകിയിട്ടുണ്ട് ; നിയോജകമണ്ഡലം തിരിച്ച് വിശദാംശം നൽകാമോ ;

(ബി) 2015-16 വർഷം ഉടുമ്പൻചോല നിയോജകമണ്ഡലത്തിലെ എത്ര പട്ടികജാതി കോളനികൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ; വിശദാംശം നൽകാമോ ;

(സി) ഇല്ലെങ്കിൽ മണ്ഡലത്തിൽനിന്നും കൂടുതൽ കോളനികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സ്വയം പര്യാപ്ത ഗ്രാമ പദ്ധതിയിൽപ്പെടുത്തി 2012-13 സാമ്പത്തിക വർഷം 15 പട്ടികജാതി കോളനികൾ നവീകരിച്ച് നൽകിയിട്ടുണ്ട്. നിയോജകമണ്ഡലം തിരിച്ച് വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) 2015-16 വർഷം പദ്ധതിയിലേയ്ക്ക് കോളനികളെ തെരഞ്ഞെടുത്തിട്ടില്ല. 2012-13, 2013-14 വർഷങ്ങളിൽ തെരഞ്ഞെടുത്ത കോളനികളിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ കോളനികൾ തെരഞ്ഞെടുക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly